"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

തദ്ദേശ സ്വയംഭരണ വകുപ്പ്- ആലുവ നഗരസഭ -ജനറൽ മാർക്കറ്റ് നിർമ്മാണം- ഫെഡറൽ ബാങ്കിൽ നിന്നും വായ്പയെടുക്കുന്നതിന് നൽകിയ അനുമതി റദ്ദ് ചെയ്തും കെ.യു.ആർ.ഡി.എഫ്.സിയിൽ നിന്നും വായ്പയെടുക്കുന്നതിന് അനുമതി നൽകിയും ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ (ഡിബി) വകുപ്പ്**

**സ.ഉ.(സാധാ) നം.2364/2019/ത.സ്വ.ഭ.വ തീയതി,തിരുവനന്തപുരം, 24/10/2019**

---

പരാമർശം:- 1 05.03.2014ലെ സ.ഉ (സാധാ) നം.665/2014/തസ്വഭവ

2 23.05.2018ലെ സ.ഉ (സാധാ) നം.1425/2018/തസ്വഭവ

3 കെ.യു.ആർ.ഡി.എഫ്.സി, എംഡിയുടെ 25.06.2019 ലെ കെ.യു.ആർ.ഡി.എഫ്.സി/യുഎൽബി/400 നമ്പർ കത്ത്.

4 ആലുവ നഗരസഭാ സെക്രട്ടറിയുടെ 13.08.2019ലെ ഇ1-9173/12 നമ്പർ കത്ത്.

5 നഗരകാര്യ ഡയറക്ടറുടെ 06.09.2019ലെ ഡിസി3/17726/2019 നമ്പർ കത്ത്

**<u>ഉത്തരവ്</u>**

ആലുവ നഗരസഭയിലെ ജനറൽ മാർക്കറ്റ് നവീകരണവുമായി ബന്ധപ്പെട്ട് ഫെഡറൽ ബാങ്ക് ആലുവ ശാഖയിൽ നിന്നും വായ്പ എടുക്കുന്നതിന് നഗരസഭയുടെ ഉടമസ്ഥതയിലുള്ള ആലുവ വില്ലേജിൽ സർവ്വേ നമ്പർ 45/2 ൽ ഉൾപ്പെട്ട 41.45 ആർ സ്ഥലവും അതിൽ സ്ഥിതി ചെയ്യുന്ന നഗരസഭ വക എംജി ടൗൺ ഹാൾ കെട്ടിടവും ഈടായി നൽകി കൊണ്ട് ലോൺ എടുക്കുന്നതിന് പരാമർശം 1ലെ സർക്കാർ ഉത്തരവ് പ്രകാരം സർക്കാർ അനുമതി നൽകിയിരുന്നു. എന്നാൽ നഗരസഭ വക എംജി ടൗൺഹാൾ കെട്ടിടം സ്ഥിതി ചെയ്യുന്ന ഭൂമിയുടെ രേഖകളിൽ ചിലത് ലഭ്യമല്ലാത്ത സാഹചര്യത്തിൽ പരാമർശം 1ലെ സർക്കാർ ഉത്തരവ് റദ്ദ് ചെയ്തും ആലുവ മുനിസിപ്പൽ പാർക്ക് സ്ഥിതി ചെയ്യുന്ന സർവ്വേ നമ്പർ 219/603,219/605,39/1A-11.2 എന്നീ സ്ഥലങ്ങൾ ഈടായി നൽകി ഫെഡറൽ ബാങ്കിൽ നിന്നും 5കോടി രൂപ 10.25 %' പലിശയ്ക്ക് വായ്പ എടുക്കുന്നതിന് പരാമർശം 2 പ്രകാരം അനുമതി നൽകിയും ഉത്തരവായിരുന്നു.

2. എന്നാൽ ഫെഡറൽ ബാങ്ക് ലോൺ അനുവദിക്കാമെന്നുള്ള വാഗ്ദാനം ചില സാങ്കേതിക കാരണങ്ങളാൽ പാലിക്കാതിരിക്കുകയും ഫെഡറൽ ബാങ്ക് നിശ്ചയിച്ച നിരക്കായ 10.25% നിരക്കിനേക്കാളും കുറഞ്ഞ പലിശ നിരക്കിൽ (10%) കെ.യു.ആർ.എഫ്.ഡി.സി ലോൺ അനുവദിക്കാമെന്നറിയിക്കുകയും ചെയ്തിട്ടുണ്ടെന്നും ആയതിനാൽ കോളാറ്ററൽ സെക്യൂരിറ്റിയായി മാർക്കറ്റ് ഭൂമിയ്ക്ക് പുറമേ 219/603, 219/605, 39/1A-11.2 സർവ്വേ നമ്പറിൽ ആലുവ വെസ്റ്റ് വില്ലേജിൽപ്പെടുന്ന 0.6325 ഹെക്ടർ മുനിസിപ്പൽ പാർക്ക് ഈട് നൽകി 10% പലിശ നിരക്കിൽ 5

കോടി രൂപ KURDFCയിൽ നിന്നും ലോൺ എടുക്കുന്നതിന് കൗൺസിൽ തീരുമാനം സഹിതം ആലുവ നഗരസഭാ സെക്രട്ടറിയുടെ പരാമർശം 4 പ്രകാരമുള്ള അപേക്ഷ പരാമർശം 5ലെ കത്ത് പ്രകാരം നഗരസഭാ ഡയറക്ടർ ശിപാർശ ചെയ്ത് സർക്കാരിലേക്ക് അയച്ചിരുന്നു. .

3. സർക്കാർ മേൽ വിഷയം വിശദമായി പരിശോധിച്ചു. ധനകാര്യ സ്ഥാപനമാറ്റം മാത്രമെ ഉണ്ടാകുന്നുള്ളൂ എന്നത് പരിഗണിച്ച് ആലുവ മുനിസിപ്പാലിറ്റി ജനറൽ മാർക്കറ്റ് നവീകരണത്തിന് ഫെഡറൽ ബാങ്കിൽ നിന്നും 5കോടി രൂപ 10.25% പലിശയ്ക്ക് ലോൺ എടുക്കുന്നതിന് പരാമർശം 2ലെ സർക്കാർ ഉത്തരവ് പ്രകാരം നൽകിയ അനുമതി റദ്ദ് ചെയ്യും പകരം കോളാറ്ററൽ സെക്യൂരിറ്റിയായി മാർക്കറ്റ് ഭൂമിയ്ക്ക് പുറമേ 219/603, 219/605, 39/1എ-11.2 സർവ്വേ നമ്പറിൽ ആലുവ വെസ്റ്റ് വില്ലേജിൽപ്പെടുന്ന 0.6325 ഹെക്ടർ മുനിസിപ്പൽ പാർക്ക് ഈട് നൽകി 10% പലിശ നിരക്കിൽ 5 കോടി രൂപ KURDFCയിൽ നിന്നും ലോണെടുക്കുന്നതിന് ചുവടെ ചേർക്കുന്ന വ്യവസ്ഥകൾക്ക് വിധേയമായി1963ലെ കേരള ലോക്കൽ അതോറിറ്റീസ് ലോൺ ആക്ട് സെക്ഷൻ (3) പ്രകാരം അനുമതി നൽകിയും ഉത്തരവാകുന്നു.

A. വായ്പയുടെ മുതലും പലിശയും ചേർന്ന തിരിച്ചടവ് തുക പ്രൊജക്ടിൽ നിന്നും ലഭിക്കുന്ന വരുമാനത്തിൽ നിന്നും കണ്ടെത്തേണ്ടതാണ്

B. യാതൊരു കാരണവശാലും മേൽപ്പറഞ്ഞ ആവശ്യത്തിന് സർക്കാർ സഹായം ലഭിക്കുന്നതല്ല.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
പാറ്റ്സി സ്റ്റീഫന്
ജോയിന്റ് സെക്രട്ടറി

പകർപ്പ്

നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം

സെക്രട്ടറി, ആലുവ മുനിസിപ്പാലിറ്റി

മാനേജിംഗ് ഡയറക്ടർ, കെ.യു.ആർ.ഡി.എഫ്.സി, തിരുവനന്തപുരം

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ/ ജി.& എസ്എസ്എ), തിരുവനന്തപുരം

സ്റ്റേറ്റ് പെർഫോർമൻസ് ഓഡിറ്റ് ഓഫീസർ, തിരുവന്തപുരം

എക്സിക്യൂട്ടീവ് ഡയറക്ടർ, IKM, തിരുവന്തപുരം

സ്റ്റോക്ക് ഫയൽ/ ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ